ഗോപജാതി പ്രതിച്ഛന്നൌ ദേവാ ഗോപാലരൂപിണ:
ഈഡിരേ കൃഷ്ണരാമൌ ച നടാ ഇവ നടം നൃപ (10-18-11)
ഭ്രാമണൈർല്ലങ്ഘനൈ ക്ഷേപൈരാസ്ഫോടന വികർഷണൈ:
ചിക്രീഡതുർന്നിയുദ്ധേന കാകപക്ഷധരൌ ക്വചിത് (10-18-12)
ക്വചിന്നൃത്യത്സു ചാന്യേഷു ഗായകൌ വാദകൌ സ്വയം
ശശംസതുർമ്മഹാരാജ സാധു സാധ്വിതി വാദിനൌ (10-18-13)
കൃഷ്ണസ്യ യോഗവീര്യം തദ്യോഗമായാനുഭാവിതം
ദാവാഗ്നേരാത്മന: ക്ഷേമം വീക്ഷ്യ തേ മേ നിരേƒമരം (10-19-14)

*ശുകമുനി തുടർന്നു:*
അതൊരു വേനൽക്കാലമായിരുന്നു. എന്നാൽ വൃന്ദാവനത്തിലെന്നും വസന്തം തന്നെ. കത്തിയെരിയുന്ന സൂര്യൻ വൃന്ദാവനത്തിന് മുകളിൽ സൗമ്യമായി പ്രകാശിച്ച് കഠിനമായ ചൂടിനു പകരം ഊഷ്മളത മാത്രം നൽകി. അനേകം തടാകങ്ങളിലെ ജലംകൊണ്ട് തണുത്തും പരാഗപരിമണത്താൽ സൗരഭ്യമാർന്നും വൃന്ദാവനത്തിൽ കാറ്റു വീശി. ഭഗവാനു നടക്കാൻ കട്ടിപ്പരവതാനിയുമായി പുല്ലും പൂച്ചെടികളും അവിടെ നിറഞ്ഞു. പക്ഷിമൃഗാദികൾ മധുരസംഗീതവുമായി ഭഗവാനെ ആനന്ദിപ്പിച്ചു. കൃഷ്ണൻ അവരെയെല്ലാം സ്നേഹിച്ചു. കൃഷ്ണൻ സ്വയം പ്രേമം തന്നെയായിരുന്നു. ഗോപാലൻമാർ കൃഷ്ണനെ സ്നേഹിച്ചു. അവരെല്ലാം ഗോപാലവേഷത്തിൽ ജനിച്ച ദേവൻമാരത്രെ. അതുപോലെ കൃഷ്ണബലരാമൻമാർ ഈശ്വരാവതാരങ്ങ ളാണെങ്കിലും ഗോപാലവേഷമാടുകയാണല്ലോ. ഒരു ദിവസം അവരെല്ലാം കൂടി പലേവിധ കളികളിലേർ പ്പെട്ടിരുന്നു. അവരെല്ലാം തങ്ങളുടെ അളകങ്ങളെ കാറ്റിൽ പറക്കാൻ വിട്ട് അത്യാകർഷകമായി കാണപ്പെട്ടു. പരസ്പരം കൈപിടിച്ച് വട്ടംചുറ്റുകയും നീളത്തിൽ ചാടുകയും ഭാരമെറിഞ്ഞും കെട്ടിമറിഞ്ഞും ഗുസ്തിപിടിക്കുകയുമൊക്കെ ചെയ്തു അവർ. മറ്റു ബാലൻമാർ കളിക്കുമ്പോൾ കൃഷ്ണനും ബലരാമനും സംഗീതോപകരണങ്ങൾ വായിച്ച് ബലേ ഭേഷ് എന്നുപറഞ്ഞ് അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ഇതിനിടയിൽ പ്രലംഭൻ എന്നു പേരായ ഒരു രാക്ഷസൻ ഗോപവൃന്ദത്തിൽ കയറിക്കൂടി. കൃഷ്ണൻ അവനെ തിരിച്ചറിഞ്ഞുവെങ്കിലും അവനെയും കൂട്ടി സംഘത്തെ രണ്ടായിത്തിരിച്ച് കളികൾ തുടരാമെന്ന് നിർദ്ദേശിച്ചു. കൃഷ്ണനും ബലരാമനും ഓരോ സംഘത്തലവൻമാരായി. അവർ പലേ കളികളും കളിച്ചു. ഒരു സംഘം ജയിക്കുമ്പോൾ തോറ്റവർ ജയിച്ചവരെ ഓരോരുത്തരെ ചുമലിലേറ്റി നടക്കണം എന്നായിരുന്നു തീരുമാനം. അങ്ങിനെ കളികൾ തുടർന്നുകൊണ്ടിരുന്നു. ഇടയ്ക്ക് കൃഷ്ണൻെറ സംഘം വിജയിക്കും അല്ലാത്തപ്പോൾ ബലരാമൻേറതും. ഒരിക്കൽ കൃഷ്ണസംഘം തോൽപ്പിക്കപ്പെട്ടു. അപ്പോൾ കൃഷ്ണസംഘത്തിലുണ്ടായിരുന്ന പ്രലംഭൻെറ ചുമതല ബലരാമനെ ചുമലിലേറ്റുക എന്നതായിരുന്നു.

ബലരാമനെ തോളത്തു കയറ്റി ഓടുമ്പോൾ പ്രലംഭന് ബലരാമൻെറ ഭാരം അസഹ്യമായിത്തോന്നി. ഭാരത്തിലമർന്ന് പ്രലംഭൻ തളർന്നു. അവൻ തൻെറ സ്വരൂപം വെളിപ്പെടുത്തി. ബലരാമൻ ആദ്യമൊന്നമ്പരന്നുവെങ്കിലും സ്വയം തൻെറ ദിവ്യതയെപ്പറ്റി ബോധവാനായി രാക്ഷസനെ ആഞ്ഞൊന്ന് വീശിയടിച്ചു. ഇടിമിന്നലിൻെറ ശക്തിയിൽ വീണ പ്രഹരത്തിൽ പ്രലംഭൻ ചത്തു വീണു. ഗോപാലൻമാർ ആഹ്ലാദിച്ചാർത്തു വിളിച്ചു. ബലരാമനെ അഭിനന്ദിച്ചു. രാമനുവേണ്ടി പ്രാർത്ഥനയും നടത്തി. മറ്റൊരവസരത്തിൽ ഗോപാലവൃന്ദത്തെമുഴുവൻ കാട്ടുതീ ആക്രമിക്കാൻ തുടങ്ങിയപ്പോൾ കൃഷ്ണൻ എല്ലാവരോടും കണ്ണടച്ചിരിക്കാൻ പറഞ്ഞിട്ട് സ്വയം ആ തീ മുഴുവൻ വിഴുങ്ങിക്കളഞ്ഞു. വൃന്ദാവനവാസികൾ കൃഷ്ണനെ അമാനുഷികനെന്നു കരുതിപ്പോന്നു.